# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാചോദ്യം നം: 1422 | 14.06.2013 ലെ<br>മറുപടിയ്ക്ക് |

### ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി. ഉബൈദുള്ള : | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് രൂപീകൃതമായ ന്യൂന പക്ഷ ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു സ്വീക രിച്ച നടപടികൾ വിശദമാക്കുമോ; | എ) | ശ്രീ. ചേർക്കളം അബ്ദുള്ള ചെയർമാനായും ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരി മാനേജിംഗ് ഡയറക്ടറായും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻെറ ഡയറക്ടർ ബോർഡ് രൂപീകരിച്ചു. 2012-13 ൽ 80 ലക്ഷം രൂപ പ്രാരംഭപ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 2013-14- ൽ 8.4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| ബി) | കോർപ്പറേഷന്റെ ഘടനയും പ്രവർത്തന രീതിയും വിശദമാക്കുമോ; | ബി) | സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ വികസനം ലക്ഷ്യമാക്കി കുറഞ്ഞ പലിശയിൽ തൊഴിൽ സംരംഭങ്ങൾക്കും മറ്റും വിവിധ വായ്പകളും നൽകി, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിക്കുക എന്നതാണ് കേരള സംസ്ഥാന ന്യൂനപക്ഷ-വികസന ധനകാര്യ കോർപ്പറേഷന്റെ രൂപീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| സി) | ഇതിന് മേഖലാ ഓഫീസുകൾ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം; | സി) | ഉണ്ട്. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് തിരുവനന്തപുരം, എറണാകുളം, മലപ്പുറം എന്നിവിടങ്ങളിൽ മേഖലാ ആഫീസുകൾ തുടങ്ങാനുദ്ദേശിക്കുന്നു. |
| ഡി) | കോർപ്പറേഷനുവേണ്ടി ഏതൊക്കെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും, അവയിലേയ്ക്കുള്ള നിയമന രീതി എന്താണെന്നും വിശദമാക്കുമോ? | ഡി) | കോർപ്പറേഷന്റെ എം.ഡി-യെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചു. മറ്റ് തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ